15 -ാം കേരള നിയമസഭ

9 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2098 — 12-09-2023 - ൽ മറുപടിയ്ക്ക്

മട്ടന്നൂർ മണ്ഡലത്തിലെ കളിസ്ഥലങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | മട്ടന്നൂർ മണ്ഡലത്തിലെ മാലൂർ പഞ്ചായത്ത്, മാലൂർ ജി.എച്ച്.എസ്.എസ്., കീഴല്ലൂർ ഗ്രാമപഞ്ചായത്ത്, ചിറ്റാരിപ്പറമ്പ് ജി.എച്ച്.എസ്.എസ്., പടിയൂർ ജി.എച്ച്.എസ്.എസ്. എന്നിവിടങ്ങളിലെ കളിസ്ഥലങ്ങൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; അനുവദിച്ച ഫണ്ടുകൾ വകുപ്പ് കൈമാറിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (എ) | വിവിധ വിദ്യാലയങ്ങളുടെയും പഞ്ചായത്തുകളുടെയും 19 കളിസ്ഥല നവീകരണത്തിനായി 18.01.2022 ലെ സ.ഉ (സാധാ) നം. 7/2022/കാ.യു.വ പ്രകാരം പുതുക്കിയ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത ഭരണാനുമതിയിൽ മാലൂർ ജി.എച്ച്.എസ്.എസ്, ചിറ്റാരിപറമ്പ് ജി.എച്ച്.എസ്.എസ്, പടിയൂർ ജി.എച്ച്.എസ്.എസ് എന്നീ സ്കൂൾ ഗ്രൗണ്ടുകളുടേയും, കീഴല്ലൂർ, മാലൂർ എന്നീ പഞ്ചായത്ത് സ്റ്റേഡിയങ്ങളുടെയും നവീകരണം ഉൾപ്പെട്ടിട്ടുണ്ട്. പടിയൂർ ജി.എച്ച്.എസ്.എസിലെ കളിസ്ഥല നവീകരണത്തിനായി കായിക വികസന നിധിശീർഷകത്തിൽ നിന്നും 15 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. ടി തുക കൈമാറിയതിന്റെ അടിസ്ഥാനത്തിൽ ഫണ്ട് ചെലവഴിക്കുകയും യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ്, കംപ്ലീഷൻ സർട്ടിഫിക്കറ്റ്, വൗച്ചറുകൾ എന്നിവ ഹാജരാക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തികളുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ? | (ബി) | വിവിധ വിദ്യാലയങ്ങളുടെയും പഞ്ചായത്തുകളുടെയും 19 കളിസ്ഥല നവീകരണത്തിനായി 18.01.2022 ലെ സ.ഉ (സാധാ) നം. 7/2022/കാ.യു.വ പ്രകാരം പുതുക്കിയ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത ഭരണാനുമതിയിൽ മാലൂർ ജി.എച്ച്.എസ്.എസ്, ചിറ്റാരിപറമ്പ് ജി.എച്ച്.എസ്.എസ്, പടിയൂർ ജി.എച്ച്.എസ്.എസ് എന്നീ സ്കൂൾ ഗ്രൗണ്ടുകളുടേയും, കീഴല്ലൂർ, മാലൂർ എന്നീ പഞ്ചായത്ത് സ്റ്റേഡിയങ്ങളുടെയും നവീകരണം ഉൾപ്പെട്ടിട്ടുണ്ട്. പടിയൂർ ജി.എച്ച്.എസ്.എസിലെ കളിസ്ഥല നവീകരണത്തിനായി കായിക വികസന നിധിശീർഷകത്തിൽ നിന്നും 15 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. ടി തുക കൈമാറിയതിന്റെ അടിസ്ഥാനത്തിൽ ഫണ്ട് ചെലവഴിക്കുകയും യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ്, കംപ്ലീഷൻ |

| | | | |
|---|---|---|---|
| | | | സർട്ടിഫിക്കറ്റ്, വൗച്ചറുകൾ എന്നിവ ഹാജരാക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ